ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ അനുവാദം നൽകിയിട്ടുണ്ടെന്നു തോന്നുന്നില്ല

ശ്രീ. പി. കെ. ചാത്തൻ : അങ്ങിനെ അനുവാദം നൽകിയിട്ടുണ്ടെന്നു ബോദ്ധ്യപ്പെടുത്തിയാൽ അവർക്കു കൊടുത്തിട്ടുള്ള അനുവാദം പിൻവലിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് എളുപ്പം സാദ്ധ്യമല്ല.

ശ്രീ. പ്രാക്കുളം ഭാസി : തേഡ് പാർട്ടി ഇൻഷ്വറൻസ് വകുപ്പനം, അപകടത്തിൽപ്പെട്ടവരുന്നവരുടെ ബന്ധുക്കൾക്കും മറ്റും ലഭിക്കാൻ വളരെ താമസം നേരിടുന്നതു് എന്താണെന്നു പറയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് ബന്ധുക്കൾ തമ്മിലുള്ള അവകാശത്തർക്കങ്ങളും മറ്റും ഉണ്ടാകുന്നതുകൊണ്ടാണു്. അവകാശ സർട്ടിഫിക്കറ്റും മറ്റും ഹാജരാക്കാനും താമസം നേരിടുന്നതുകൊണ്ടും മറ്റുമായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങിനെ റിക്കാർഡുകളും എല്ലാം ശരിയായ സമയത്തിനു ഹാജരാക്കിയിട്ടും പണം കിട്ടിയിട്ടില്ലാ എന്നു പരാതികളും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : ചില പരാതികളും കിട്ടിയിട്ടുണ്ടു്. അവയെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : സ്വരാജ് മോട്ടോഴ്സുവക കോട്ടയം-കുമിളി സർവീസിൽ ഉണ്ടായ ഒരു അപകടത്തിൽ അവകാശികളെ സംബന്ധിച്ചിടത്തോളം തക്കം ഇല്ലാതിരുന്നിട്ടും കാമ്പൻസേഷൻ നൽകുന്നകാര്യം തീരുമാനിക്കപ്പെടാത്തതെന്താണു്?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസുകൂടാതെ അതിനു ഉത്തരം പറയാൻ സാദ്ധ്യമല്ല.

അഴിമതികൾ.

* 377. [4] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തി പണിതുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ മേജർ ഇറിഗേഷൻ പ്രോജക്റ്റുകളിൽ ഉദ്യോഗസ്ഥന്മാരുടേയും കണ്ട്രാക്ടർമാരുടേയും ഭാഗത്തുനിന്നും അഴിമതികൾ ഉണ്ടാകാതെ സൂക്ഷിക്കുന്നതിനു് ഏതെങ്കിലും വിധത്തിലുള്ള മുൻകരുതലുകൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) നെയ്യാർ ഡാം കൺസ്ട്രക്ഷൻ ഫീൽഡിൽ നിന്നും ഉദ്യോഗസ്ഥ അഴിമതികളെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ലേ ;

(സി) ഇതേപ്പറ്റി നിഷ്കൃഷ്ടമായ ഒരന്വേഷണം നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) മേജർ ഇറിഗേഷൻ പ്രോജക്റ്റുകളെമാത്രം ഉദ്ദേശിച്ചു്, പ്രത്യേക മുൻകരുതലുകൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നിരോധനവകുപ്പും, സെക്രട്ടറിയേറ്റിലെ അന്വേഷണ ഉദ്യോഗസ്ഥനും, ഇറിഗേഷൻ പ്രോജക്റ്റുകളിലെ അഴിമതികളെ സംബന്ധിച്ച് വേണ്ടത പ്രവർത്തിക്കുന്നതാണ്.

(ബി, സി) നെയ്യാർ ഡാം കൺസ്ട്രക്ഷനിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ സംബന്ധിച്ച് പത്രങ്ങളിൽ കണ്ട റിപ്പോർട്ടുകളെക്കുറിച്ച് ചീഫ് എൻജിനീയർ വേണ്ട നടപടികളും എടുത്തിട്ടുണ്ട്. വ്യക്തമായ പരാതികളും കിട്ടുമ്പോൾ വേണ്ട അന്വേഷണങ്ങളും നടത്തുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സംസ്ഥാനത്ത് മേജർ ഇറിഗേഷൻ പ്രോജക്റ്റ ഉദ്യോഗസ്ഥന്മാരും, കൺട്രാക്റ്റർമാരുംചേർന്ന് അഴിമതി നടത്തുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഴിമതിചെയ്യാൽ കണ്ടുപിടിക്കാൻ കഴിയും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വില്ലിംഗ്ഡൺ ദ്വീപിൽ മേയ്, ഏപ്രിൽ മാസങ്ങളിൽ പത്തുലക്ഷം രൂപയുടെ കൊള്ളനടന്നതിന്മേൽ ഇൻഡ്യാഗവണ്മെൻറിൽ നിന്നും കേസു എടുത്തിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുഴപ്പങ്ങളും ഉണ്ടായാൽ ഗവണ്മെൻറ് കണ്ടുപിടിച്ച് തടയുമെന്നുള്ളതിനു ദൃഷ്ടാന്തമാണത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ എവിടെയെങ്കിലും ഒരു അഴിമതിക്കേസ് നിലവിലുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വാഴാനി പദ്ധതി പ്രവർത്തനത്തിലിരിക്കുന്ന സമയം ഒരു ലോറി സിമൻറ് ഒരു വ്യക്തിക്കു വിറ്റതായി ഒരു കേസുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അന്യായമായി വളരെയധികം സിമൻറും കമ്പിയും കൺട്രാക്ടർ പ്രൈവറ്റ് എജൻസികൾക്കും വ്യക്തികൾക്കും വിൽക്കുന്നതായി പരാതി ഉണ്ടെങ്കിൽ നിഷ്കർഷയായി അന്വേഷണം നടത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്താണെന്നു വ്യക്തമായി എഴുതിത്തന്നാൽ അന്വേഷിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വളരെയധികം സിമൻറും കമ്പിയും കരഞ്ചവിലയ്ക്കു വിൽക്കുന്നതായി ആരോപണം ഉന്നയിച്ചാൽ, വ്യക്തമായ ആരോപണമായില്ലെന്നു പറഞ്ഞു തള്ളിക്കളയാൻ ഉദ്ദേശിക്കുന്നതു ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല, കയ്യുമായി കരുതാം.

LIBRARY ARCHIVES Kerala Legislative Assembly